KERALA AGRICULTURAL UNIVERSITY
REGIONAL AGRICULTURAL RESEARCH STATION, AMBALAVAYAL
AMBALAVAYAL P O, WAYANAD, KERALA – 673593
E mail: rarsamb@kau.in, adramb@kau.in; Phone: 04936-260421, 9188224421

നമ്പർ: ഇ-6484/2025

തിയതി: 22/10/2025

**ക്വട്ടേഷൻ നോട്ടീസ്**

ഈ കേന്ദ്രത്തിലെ [കേരള കാർഷിക സർവകലാശാലയുടെ കീഴിൽ അമ്പലവയലിൽ പ്രവർത്തിക്കുന്ന പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം] ത്തിലേയ്ക്ക് കസേരകൾ ലഭ്യമാക്കാൻ താല്പര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും മൽസരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

| | |
|---|---|
| ക്വട്ടേഷൻ വിവരങ്ങൾ | നമ്പർ: ഇ-6484/2025<br>തിയതി: 22/10/2025 |
| ക്വട്ടേഷൻ ലഭിക്കേണ്ട അവസാന സമയം | 05/11/2025 തിയതി 02:30 മണി |
| ക്വട്ടേഷൻ തുറക്കുന്ന സമയം | 05/11/2025 തിയതി 3:00 മണി |
| ലേലം തുടങ്ങുന്ന സമയം | ക്വട്ടേഷൻ തുറന്നതിനു ശേഷം |
| നിരത ദ്രവ്യം [EMD] | 1000/- രൂപ |
| ക്വട്ടേഷൻ കാലാവധി | ഒരു വർഷം<br>[ആദ്യ സപ്ലൈ ഓർഡർ തിയതി മുതൽ] |
| ടെൻഡർ സമർപ്പിക്കേണ്ട വിലാസം | അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്,<br>പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം,<br>അമ്പലവയൽ, വയനാട് - 673593 |

**ലഭ്യമാക്കേണ്ട കസേരയുടെ വിവരണം**

| Sl No: | Description of Items | മെറ്റീരിയൽ | അവശ്യമുള്ളത് |
|---|---|---|---|
| 1 | കസേരകൾ (കൈ ഉള്ളത്) | പ്ലാസ്റ്റിക് | 100 എണ്ണം |

## വ്യവസ്ഥകളും നിർദേശങ്ങളും

1. ക്വട്ടേഷൻ അടങ്ങുന്ന സീൽ ചെയ്ത കവറിനു പുറത്ത് ' **കസേരകൾ ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ'** എന്ന് രേഖപ്പെടുത്തിയിരിക്കണം.
2. ക്വട്ടേഷനോടൊപ്പം നിരത്രവ്യം '**അസ്സോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് , പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ'** എന്ന പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കൊളഗപ്പാറ ശാഖയിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ ഓഫീസിൽ നേരിട്ട് അടച്ചോ ക്വട്ടേഷനിൽ പങ്കെടുക്കേണ്ടതാണ്.
3. നിർദ്ദിഷ്ട സമയത്തിനുശേഷം ലഭിക്കുന്നതും അപൂർണവുമായ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
4. ക്വട്ടേഷൻ മേൽസൂചിപ്പിച്ച വിലാസത്തിൽ നിശ്ചിത തീയതിയ്ക്കും, സമയത്തിനും മുൻപായി അയക്കേണ്ടതോ, നേരിട്ട് ഓഫീസിൽ എത്തിക്കേണ്ടതോ ആണ്.
5. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ/സ്ഥാപനത്തിന്റെ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
6. വിവിധ കമ്പനികളുടെ കസേരകൾക്ക് എല്ലാ നികുതികളും ഉൾപ്പെടെ ഒരു കസേരയ്ക്കുള്ള വിലയാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്.
7. വിതരണനത്തിനുള്ള മെറ്റീരിയലുകളുടെ സാമ്പിളുകൾ ആവശ്യമെങ്കിൽ ഹാജരാക്കേണ്ടതാണ്.
8. പല കമ്പനികളുടെ കസേരകൾ ഉണ്ടെങ്കിൽ ഓരോന്നിന്റെയും നിരക്ക് കാണിക്കേണ്ടതാണ്.
9. കസേരകൾ ഈ കേന്ദ്രത്തിലെത്തിക്കുന്നതിനാവശ്യമായ നികുതി, കയറ്റിറക്ക് കൂലി എന്നിവ ക്വട്ടേഷനിൽ കാണിക്കേണ്ടതാണ്. വിതരണം ചെയ്യുന്ന മെറ്റീരിയലുകളുടെ വാറന്റി ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.

10. വിതരണം ചെയ്യുന്ന സാമഗ്രികൾ ഏറ്റവും മികച്ച ഗുണനിലവാരം പുലർത്തുന്നതായിരിക്കണം. കയറ്റിറക്കിലോ യാത്രയിലോ മറ്റോ കേടുപാടുകൾ സംഭവിച്ച സാമഗ്രികൾ സ്വീകരിക്കുന്നതല്ല.

11. ക്വട്ടേഷൻ കാലയളവിൽ കൂടുതൽ കസേരകൾ ആവശ്യമായി വരുന്ന പക്ഷം ആയത് നൽകുവാൻ ക്വട്ടേഷൻ ലഭിച്ചവർ ബാധ്യസ്ഥരായിരിക്കും

12. നിശ്ചിത തീയതി/ സമയത്തിനു മുൻപായി കിട്ടിയ ക്വട്ടേഷനുകൾ അന്നേദിവസം 3.00 മണിക്ക് തന്നെ ഹാജരുള്ള ക്വട്ടേഷൻകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ സ്വീകാര്യമാണെന്ന് തോന്നിയാൽ അംഗീകരിക്കുന്നതുമായിരിക്കും. ആവശ്യമെങ്കിൽ സന്നിഹിതരായവരുടെ സാന്നിധ്യത്തിൽ ലേലവും നടത്തുന്നതാണ്.

13. നിരതദ്രവ്യം സമർപ്പിക്കാത്ത ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

14. ക്വട്ടേഷൻ കാലാവധി ഒരു വർഷത്തേയ്ക്ക് ആയിരിക്കും.

15. ക്വട്ടേഷൻ കാലയളവിൽ സ്വീകരിച്ചിരിക്കുന്ന നിരക്ക് യാതൊരു കാരണവശാലും വർദ്ധിപ്പിക്കുന്നതല്ല.

16. വിജയിയായ ക്വട്ടേഷൻകാരൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഓർഡർ അനുസരിച്ച് മേൽ സാധനങ്ങൾ വിതരണം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം നിരതദ്രവ്യം സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടാവുന്നതും തക്കതായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

17. ക്വട്ടേഷൻ സ്വീകരിക്കുന്നതിനോ, മാറ്റി വെയ്ക്കുന്നതിനോ കാരണം കാണിക്കാതെ നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം കേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.

18. നിലവിലുള്ള സർക്കാർ വ്യവസ്ഥകൾക്ക് അനുസരിച്ച് ആവശ്യമെങ്കിൽ ആദായനികുതി പിടിക്കുന്നതായിരിക്കും.

19. ക്വട്ടേഷൻ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ദിവസമാവുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം, അതേ സമയം ക്വട്ടേഷൻ സ്വീകരിക്കുന്നതും തുറന്നു പരിശോധിക്കുന്നതും ആണ്.

20. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

21. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി സമയത്ത് ഈ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്

(ഫോൺ: 04936 260421/260561, മൊബൈൽ: 9188224421)

//അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ചിന്റെ ഉത്തരവിൻ പ്രകാരം//

(ഒപ്പ്)
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താക്കൾ:

ഡയറക്ടർ ഓഫ് ഇൻഫർമേഷൻ സിസ്റ്റംസ്, കേരള കാർഷിക സർവകലാശാല
[കെ എ യു വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി]
നോട്ടീസ് ബോർഡ് [ആർ എ ആർ എസ്, ഫാം ഓഫിസ്, കെ വി കെ, അമ്പലവയൽ പഞ്ചായത്ത് ഓഫിസ്, അമ്പലവയൽ വില്ലേജ് ഓഫിസ്, അമ്പലവയൽ കൃഷി ഭവൻ]
ഫാം സൂപ്രണ്ട്/ഫാം ഇൻ ചാർജ്/ഫയൽ